കെ.കെ സുഹ്‌റ

# ഇസ്‌ലാമിലെ സ്ത്രീ, അവളുടെ പദവി

**ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന സെക്രട്ടറിയും വനിതാവിഭാഗം സംസ്ഥാന പ്രസിഡന്റുമായ കെ.കെ സുഹ്‌റ *പ്രബോധന*ത്തോട് സംസാരിക്കുന്നു.**

*മുസ്‌ലിം സ്ത്രീകളുടെ വർത്തമാനകാല അവസ്ഥയെന്താണ്? എന്തുകൊണ്ടാണവർ സമൂഹത്തിന്റെ മുഖ്യധാരയിൽനിന്ന് മാറ്റിനിർത്തപ്പെടുന്നത്?*

ഇസ്‌ലാം സ്ത്രീകൾക്ക് മഹത്തായ പദവിയും ആദരവും നൽകുകയും പുരുഷനെപ്പോലെ സ്ത്രീയുടെ അസ്തിത്വവും വ്യക്തിത്വവും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ചില സന്ദർഭങ്ങളിൽ പുരുഷനേക്കാൾ സ്ഥാനവും മഹത്വവും സ്ത്രീകൾക്കാണ് ഇസ്‌ലാം കൽപിച്ചിട്ടുള്ളത്. ഖുർആനിലെ ഒട്ടേറെ സൂക്തങ്ങളും നിരവധി നബിവചനങ്ങളും ഇതിന്റെ സാക്ഷ്യമാണ്.

നബിയുടെയും സച്ചരിതരായ ഖലീഫമാരുടെയും കാലത്ത് ഈ ആദരവും പദവിയും സമൂഹപങ്കാളിത്തവും പൂർണാർഥത്തിൽ സ്ത്രീകൾക്ക് നൽകപ്പെട്ടിട്ടുണ്ട്. സ്ത്രീജനങ്ങളെ ഉയർത്തിക്കൊണ്ടുവരുന്നതിൽ നബി(സ) കാണിച്ച വർധിച്ച താൽപര്യം അമുസ്‌ലിം പണ്ഡിതരുടെപോലും ശ്രദ്ധയാകർഷിച്ചിട്ടുണ്ട്. സ്ത്രീകളുടെ വളർച്ചയെ നബി(സ) അത്യധികം പ്രോത്സാഹിപ്പിച്ചതായും കാണാം. സ്ത്രീക്ക് ഇസ്‌ലാം നൽകിയ പദവിയെ ഇടിച്ചുതാഴ്ത്താനോ, സമൂഹത്തിൽനിന്ന് അവളെ അകറ്റി നിർത്താനോ അവകാശങ്ങൾ കവർന്നെടുക്കാനോ ആരും ധൈര്യപ്പെട്ടിരുന്നില്ല. സ്ത്രീകൾക്ക് ലഭിക്കേണ്ട വിവാഹമൂല്യമാണ് മഹ്ർ. പ്രത്യേകമായ ഒരു സാഹചര്യത്തിൽ വർധിച്ച മഹ്ർ അൽപം നിയന്ത്രിക്കാൻ ഖലീഫ ഉമർ(റ) ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ 'അല്ലാഹുവും റസൂലും ഞങ്ങൾക്കു തന്ന അവകാശം കുറക്കാൻ താങ്കൾക്ക് ആരാണ് അധികാരം നൽകിയത്' എന്ന് സദസ്സിലുണ്ടായിരുന്ന ഒരു സ്ത്രീ ചോദ്യം ചെയ്തത് അത് തടയുകയാണ് ചെയ്തത്. ഉമറി(റ)ന് തന്റെ നിർദേശം പിൻവലിക്കേണ്ടിവന്നു.

എന്നാൽ ഇസ്‌ലാമിന്റെ സുവർണ കാലത്തിനുശേഷം ഈ അവസ്ഥയിൽ മാറ്റങ്ങളുണ്ടായി. കാലഘട്ടങ്ങളിലൂടെ മുസ്‌ലിം സമൂഹത്തിൽ പലതരം അപചയങ്ങളുണ്ടായപ്പോൾ അതിന്റെ ദുരന്തം വലിയ തോതിൽ അനുഭവിക്കേണ്ടിവന്നത് സ്ത്രീകളാണ് . ഖിലാഫത്തിന്റെ പതനം, രാജാധിപത്യത്തിന്റെ സ്വാധീനം, ഭൗതികാസക്തി, ധാർമികാധഃപതനം, സുഖലോലുപത തുടങ്ങി നിരവധി പ്രശ്നങ്ങൾ പിൽക്കാല മുസ്‌ലിം സമൂഹത്തിൽ ഉണ്ടായിട്ടുണ്ട്. ഈ അധഃപതനഘട്ടങ്ങളിൽ സ്ത്രീയുടെ അവകാശങ്ങൾ വൻതോതിൽ കവർന്നെടുക്കപ്പെടുകയും അവൾ പീഡിപ്പിക്കപ്പെടുകയും മുഖ്യധാരയിൽനിന്ന് അകറ്റപ്പെടുകയും ചെയ്തു. മറ്റു പല പ്രശ്നങ്ങളും പഠനവിധേയമാക്കപ്പെട്ടെങ്കിലും ഖിലാഫത്തിനുശേഷം മുസ്‌ലിം സ്ത്രീകൾക്ക് അനുഭവിക്കേണ്ടിവന്ന പ്രതിസന്ധികളെക്കുറിച്ച് ഗൗരവപൂർണമായ പഠനങ്ങൾ ഉണ്ടായതായി അറിവില്ല.

ഈ ചരിത്രപശ്ചാത്തലം മുമ്പിൽവെച്ച് ചിന്തിച്ചാൽ, മുസ്‌ലിം സ്ത്രീകൾ സർവരംഗങ്ങളിലും അവഗണിക്കപ്പെടുകയും ചൂഷണത്തിനിരയാവുകയും ചെയ്തത് ഇസ്‌ലാമിന്റെ കുറ്റമല്ല, ഇസ്‌ലാമിൽനിന്ന് സമൂഹം വ്യതിചലിച്ചതിന്റെ അനന്തരഫലമായിരുന്നു എന്നു കാണാം. പ്രാദേശികസംസ്കാരങ്ങളുടെയും ഇതരമതങ്ങളുടെയും സ്വാധീനവും ഇതിന് കാരണമായിട്ടുണ്ടാകാം. കേരളത്തെ സംബന്ധിച്ചേടത്തോളം സ്ത്രീകളെ അന്തഃപുരങ്ങളിൽ തളച്ചിടുന്ന സമുദായങ്ങളുടെ സ്വാധീനം മുസ്‌ലിം സ്ത്രീകളെ വീടിനകത്ത് അടച്ചിടുന്നതിൽ ഒരു പരിധിവരെ ഉണ്ടായിട്ടുണ്ടെന്നാണ് എന്റെ വീക്ഷണം.

ഇരുപതാം നൂറ്റാണ്ടിലെ ഇസ്‌ലാമിക നവോത്ഥാന പ്രസ്ഥാനങ്ങളുടെ പ്രവർത്തനഫലമായി മുസ്‌ലിം സ്ത്രീകളിൽ വമ്പിച്ച പരിവർത്തനങ്ങൾ ഉണ്ടായിട്ടുണ്ട്. സ്ത്രീകൾ ഇന്ന് മുന്നേറ്റത്തിന്റെ പാതയിലാണ്. മുസ്‌ലിം സമൂഹത്തിന്റെ മനോഭാവത്തിൽ മാറ്റം വരുത്താൻ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്ക് സാധിച്ചതിന്റെ കൂടി ഫലമാണിത്. അതേസമയം, മുസ്‌ലിം സമൂഹവും സ്ത്രീകളും പൂർണമായും മാറി എന്നു പറയാനാകില്ല.

വിദ്യാഭ്യാസം, തൊഴിൽ, പ്രബോധനപ്രവർത്തനങ്ങൾ, സാമൂഹികസേവനം, രാഷ്ട്രീയപ്രവർത്തനം തുടങ്ങിയ രംഗങ്ങളിലൊക്കെ മുസ്‌ലിം സ്ത്രീകളുടെ വർധിച്ച പങ്കാളിത്തം ദൃശ്യമാണ്. ഇതിനെ ദിശാബോധം നൽകി ശക്തിപ്പെടുത്താനാണ് ജമാഅത്തെ ഇസ്‌ലാമി ശ്രമിക്കുന്നത്.

*പുരുഷകേന്ദ്രീകൃതമായ സാമൂഹിക ഘടനയാണോ മുസ്‌ലിം സമൂഹത്തിലും നിലനിൽക്കുന്നത്?*

മുസ്‌ലിം സമൂഹം പൂർണമായും പുരുഷകേന്ദ്രീകൃതമല്ല. സമൂഹ ജീവിതത്തിന്റെ വിവിധ മേഖലകളിൽ സ്ത്രീകൾക്കും പങ്കാളിത്തം ലഭിക്കുന്നുണ്ട്. വിശേഷിച്ചും അഭ്യസ്തവിദ്യരും ഉൽപതിഷ്ണുക്കളുമായ കുടുംബങ്ങളിൽ. ഇസ്‌ലാമിക പ്രസ്ഥാനം ഈ വിഷയത്തിൽ മാതൃകാപരമായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. എന്നാൽ മുസ്‌ലിം പൊതുസമൂഹം പുരുഷകേന്ദ്രീകൃതാവസ്ഥയിൽനിന്ന് മുക്തമായിട്ടില്ല. പുരുഷാധിപത്യ പ്രവണതകൾ പല രംഗങ്ങളിലും കാണപ്പെടുന്നുണ്ട്.

ഗൃഹഭരണം സ്ത്രീകളുടെ മാത്രം ചുമതലയായാണ് സമൂഹം ധരിച്ചിട്ടുള്ളത്. സ്ത്രീ വീട്ടുജോലിയുടെ ഭാരം മുഴുവൻ പേറാൻ വിധിക്കപ്പെടുന്നു. അതിന്റെ ശാരീരികവും മാനസികവുമായ പ്രയാസങ്ങൾ ഒറ്റക്ക് അനുഭവിക്കണം. വീട്ടിനകത്ത് തളച്ചിടപ്പെടുന്നതോടെ സ്ത്രീയുടെ വളർച്ച വഴിമുട്ടുന്നു. വിദ്യാഭ്യാസ പുരോഗതി, ഇസ്‌ലാമിക പ്രവർത്തനങ്ങൾ, സാമൂഹിക സേവനം, തൊഴിൽ പങ്കാളിത്തം തുടങ്ങിയ വിഷയങ്ങളിൽ അവൾ പിന്തള്ളപ്പെടുന്നു.

പെൺകുട്ടികളുടെ വിദ്യാഭ്യാസത്തെ ഇപ്പോഴും ചിലർ അവഗണിക്കുന്നുണ്ട്. കെട്ടിച്ചയക്കേണ്ട പെൺകുട്ടികൾക്ക് വലിയ പഠനമൊന്നും ആവശ്യമില്ല എന്നതാണ് അവരുടെ സമീപനം. അതുപോലെ കുടുംബജീവിതത്തിൽ സ്ത്രീയെ പങ്കാളിയായി പരിഗണിച്ച് അഭിപ്രായങ്ങളാരായുന്ന സമ്പ്രദായവും കുറവാണ്. വിവാഹം, വിവാഹമോചനം തുടങ്ങിയവയിൽ ഇസ്‌ലാം അനുശാസിക്കുന്നതിന് വിപരീതമായി പുരു

ഷാധിപത്യ പ്രവണതകൾ പ്രകടമാണ്. വിവാഹത്തിൽ പെൺകുട്ടിയുടെ സമ്മതം ആരായുകയും അവളുടെ അവകാശമായ മഹ്ർ നിശ്ചയിക്കുന്നതിൽ അഭിപ്രായം ചോദിക്കുകയും ചെയ്യുന്നവർ കുറവാണ്. സ്ത്രീക്ക് നൽകിയ ഖുൽഅ്, ഫസ്ഖ് തുടങ്ങിയ വിവാഹമോചന അവകാശങ്ങൾ അവഗണിക്കപ്പെടുകയും ത്വലാഖ് നടക്കുകയും ചെയ്യുന്നു. വിവാഹമോചനത്തിൽ ഇസ്‌ലാം നിശ്ചയിച്ച ക്രമവും മര്യാദയും പാലിക്കപ്പെടുന്നുമില്ല.

യഥാർഥത്തിൽ നബി(സ) പഠിപ്പിക്കുന്നത് പങ്കാളിത്ത സ്വഭാവമുള്ള ജീവിതമാണ്. നബി(സ) വീട്ടുജോലികളിൽവരെ ഭാര്യമാരെ സഹായിച്ചിരുന്നതായി ഹദീസുകളിൽ കാണാം. മാവ് കുഴക്കുക, ശുചീകരണം നടത്തുക, വസ്ത്രങ്ങൾ അലക്കുക തുടങ്ങിയ ജോലികളൊക്കെ നബി(സ) ചെയ്തിരുന്നു. എത്ര ഉദാത്തമായ മാതൃകയാണിത്! ഈ മാതൃക സ്വീകരിച്ച് വീട്ടുജോലികളിൽ സ്ത്രീകളെ സഹായിക്കുന്ന എത്ര പുരുഷന്മാരുണ്ട്? അങ്ങനെയൊരു സമീപനം പുരുഷന്മാർക്കുണ്ടായാൽ സ്ത്രീകൾക്ക് വലിയ ഉയർച്ച നേടാൻ കഴിയും.

ഇപ്പോൾ മുസ്‌ലിം പെൺകുട്ടികൾ പൊതുവെ വിദ്യാഭ്യാസരംഗത്ത് മുന്നേറിക്കൊണ്ടിരിക്കുകയാണ്. കുടുംബിനികളായ സ്ത്രീകളും പഠന-തൊഴിൽ മേഖലകളിൽ സജീവമായിക്കൊണ്ടിരിക്കുന്നു. പുരുഷന്മാരുടെ സഹായവും പങ്കാളിത്തമനസ്സും ഉണ്ടെങ്കിൽ വീടും കുടുംബവും മുഖ്യപ്രവർത്തന കേന്ദ്രമാക്കിക്കൊണ്ടുതന്നെ സ്ത്രീകൾക്ക് മറ്റു രംഗങ്ങളിലും വളരാൻ സാധിക്കും.

വളർന്നുവരുന്ന മുസ്‌ലിം പെൺകുട്ടികളിൽ ഉയർന്ന പഠനവും ജോലിയും നേടണം എന്ന ചിന്ത വ്യാപകമായി വരികയാണ്. ഇതിന് പ്രോത്സാഹനം നൽകാൻ നമുക്ക് കഴിയണം. അധ്യാപനവും ആതുരസേവനവും ഐ.ടിയുമൊക്കെ സ്ത്രീകൾക്ക് യോജിച്ച മേഖലകളാണ്. തൊഴിൽ രംഗത്ത് മുസ്‌ലിം സ്ത്രീകൾ പിന്നാക്കമാണെന്ന് സച്ചാർ കമ്മിറ്റി റിപ്പോർട്ടിലും പരാമർശമുണ്ട്. സദാചാരവും സംസ്കാരവും കാത്തുസൂക്ഷിച്ചുകൊണ്ട് തന്നെ ഉപരിപഠന-തൊഴിൽ രംഗങ്ങളിൽ മുസ്‌ലിം പെൺകുട്ടികൾ മുന്നേറണം.

*പൊതുവെ ഇസ്‌ലാമിക പ്രമാണങ്ങളെ വ്യാഖ്യാനിക്കുന്നതും മതനേതൃത്വം കൈയാളുന്നതും ഫത്‌വകൾ നൽകുന്നതുമൊക്കെ പുരുഷന്മാരാണ്. ഇത്തരമൊരു കേന്ദ്രീകരണം സ്ത്രീകളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ?*

ഖുർആനും ഹദീസുമാണ് ഇസ്‌ലാമിക പ്രമാണങ്ങൾ. ഖുർആനിന് പുരുഷപക്ഷമോ സ്ത്രീപക്ഷമോ ഇല്ല, മനുഷ്യപക്ഷമാണുള്ളത്. മനുഷ്യനെ മാത്രമല്ല, പ്രപഞ്ചത്തിലെ സർവജീവജാലങ്ങളെയും അവ നിലകൊള്ളുന്ന ആവാസവ്യവസ്ഥയെയുമാണ് ഖുർആൻ പരിഗണിക്കുന്നത്. മനുഷ്യപക്ഷത്തുനിന്ന് സംസാരിക്കുന്ന ഖുർആനിനെ ജീവിതത്തിലൂടെ വിശദീകരിക്കുകയായിരുന്നു നബി(സ). അതുകൊണ്ട് ഹദീസിലും മനുഷ്യപക്ഷമാണ് നമുക്ക് കാണാനാവുക. ഖുർആൻ സ്ത്രീക്ക് നൽകിയ മഹത്തായ സ്ഥാനം നബി(സ) സുന്ദരമായി ആവിഷ്കരിക്കുകയാണ് ചെയ്തിട്ടുള്ളത്.

ഖുർആനും ഹദീസും വിശദീകരിച്ച പൂർവികരും ആധുനികരുമായ പണ്ഡിതന്മാർ പുരുഷന്മാരായിപ്പോയതുകൊണ്ട് അല്ലാഹുവും റസൂലും സ്ത്രീകൾക്ക് നൽകിയ ആദരവും അവകാശങ്ങളും നിഷേധിക്കുന്ന രീതിയിൽ അവർ ശരീഅത്തിനെ വ്യാഖ്യാനിച്ചിട്ടില്ല. അല്ലാഹുവിന്റെയും റസൂലിന്റെയും വിധിവിലക്കുകളെ സ്ത്രീവിരുദ്ധമായും പുരുഷാനുകൂലമായും വ്യാഖ്യാനിക്കാൻ ആർക്കാണ് ധൈര്യമുണ്ടാവുക? എന്റെ വായനയിൽ അങ്ങനെ ഒരു പുരുഷപക്ഷ വ്യാഖ്യാനമോ സ്ത്രീയെ ഇകഴ്ത്തുന്ന വിശദീകരണമോ കാണാനായിട്ടില്ല. പിന്നെ, സാഹചര്യങ്ങളെക്കുറിച്ച് യാതൊരു ബോധവുമില്ലാത്ത ചില യാഥാസ്ഥിതികർ 'ഫത്‌വ' എന്ന പേരിൽ പുറപ്പെടുവിക്കുന്ന വിധികളിൽ അബദ്ധങ്ങളും അനർഥങ്ങളും ഉണ്ടാകാം. യഥാർഥ ഇസ്‌ലാമിക ശരീഅത്ത് അതിന് ഉത്തരവാദിയല്ല.

ഇസ്‌ലാമിന്റെ സുവർണകാലത്തെ സ്ത്രീകളുടെ സ്ഥാനം മനസ്സിലാക്കുകയും അത്തരമൊരവസ്ഥ നേടിയെടുക്കാൻ പരിശ്രമിക്കുകയും ചെയ്യണം. പണ്ഡിതകളായിരുന്ന, ഫത്‌വകൾ നൽകിയിരുന്ന ആഇശ ബീവി(റ)യെ പോലുള്ള ഒട്ടേറെ മഹതികൾ ഇസ്‌ലാമിക ചരിത്രത്തിലുണ്ട്. ആധുനിക കാലഘട്ടത്തിൽ പാണ്ഡിത്യമുള്ള മുസ്‌ലിം സ്ത്രീകൾ അപൂർവമാണ്. ഖുർആൻ വ്യാഖ്യാനം എഴുതിയ ബിൻതുശ്ശാത്വിഉം പണ്ഡിതയും പോരാളിയുമായ സൈനബുൽ ഗസാലിയുമാണ് എടുത്തു പറയാവുന്നവർ. ഇസ്‌ലാമിക വിഷയങ്ങൾ ആഴത്തിൽ പഠിക്കുന്ന സ്ത്രീകൾ വിരളമാണ്. ഇസ്‌ലാമിക സ്ഥാപനങ്ങളിൽ ഉയർന്ന ക്ലാസ്സുകളിൽ വിരലിലെണ്ണാവുന്ന പെൺകുട്ടികളേ പഠിക്കുന്നുള്ളൂ.

*സ്ത്രീസമൂഹത്തെ സംസ്കരിക്കുകയും ഇസ്‌ലാമിക പ്രവർത്തനരംഗത്തേക്ക് കൊണ്ടുവരികയും ചെയ്യേണ്ടതിന്റെ അനിവാര്യത എന്താണ്?*

ജനസംഖ്യാപരമായി വീക്ഷിക്കുമ്പോൾ സമൂഹത്തിന്റെ പകുതിയിലേറെയും സ്ത്രീകളാണ്. സ്ത്രീകൾ സംസ്കരിക്കപ്പെടുന്നില്ലെങ്കിൽ അതിനർഥം സമൂഹത്തിന്റെ പകുതിയും സംസ്കരിക്കപ്പെടുന്നില്ല എന്നാണ്. സ്ത്രീകൾ ഇസ്‌ലാമിക പ്രവർത്തനരംഗത്തില്ലെങ്കിൽ സമൂഹത്തിന്റെ പകുതിയിലേറെയും പ്രവർത്തനസജ്ജമല്ല എന്നാണർഥം.

സ്ത്രീകളുടെ സംസ്കരണം സാധിക്കാതെ, അവരുടെ പ്രവർത്തന പങ്കാളിത്തമില്ലാതെ ഇസ്‌ലാം ആഗ്രഹിക്കുന്ന വിപ്ലവം സാധിക്കുകയില്ല. സമൂഹത്തിന്റെ അടിസ്ഥാനഘടകം കുടുംബമാണ്. കുടുംബത്തിന്റെ കേന്ദ്രബിന്ദു സ്ത്രീയാണ്. അതുകൊണ്ട് സാമൂഹിക പരിവർത്തനത്തിന്റെ കേന്ദ്രം സ്ത്രീയാണ്. ഈ വസ്തുത നാം തിരിച്ചറിയേണ്ടതുണ്ട്. വളർന്നുവരുന്ന തലമുറയെ സ്ത്രീകൾ/മാതാക്കൾ ആണ് സമൂഹത്തിന് സംഭാവന ചെയ്യുന്നത്. ഗൃഹഭരണത്തിന്റെ പ്രധാന വശം സന്താനപരിപാലനമാണ്. അത് ഭക്ഷണത്തിലോ വസ്ത്രത്തിലോ ശാരീരികാരോഗ്യത്തിലോ പരിമിതമല്ല. വിദ്യാഭ്യാസ-സാംസ്കാരിക വളർച്ച കൂടിയാണ്. സ്ത്രീ സാംസ്കാരികബോധമുള്ളവളും വിദ്യാസമ്പന്നയും ഇസ്‌ലാമിക പ്രവർത്തനത്തിൽ ആവേശമുള്ളവളുമാണെങ്കിലേ വളരുന്ന തലമുറയും അങ്ങനെയാകൂ. ഇസ്മാഈൽ നബി(അ)യെ ലോകത്തിന് നൽകിയത് മാതാവ് ഹാജറയായിരുന്നു. സമർപ്പിതമനസ്കനായി കഴുത്ത് നീട്ടിക്കൊടുക്കുന്ന ത്യാഗിയായി ഇസ്മാഈലിനെ വളർത്തിയത് ഹാജറയാണ്. അത്തരം ഹാജറമാരുടെ അഭാവമാണ്, കുറ്റകൃത്യങ്ങളിലും സാംസ്കാരിക ജീർണതകളിലും വലിയൊരു വിഭാഗം മുസ്‌ലിം യുവാക്കളെ എത്തിച്ചത്. ഈ അവസ്ഥക്ക് മാറ്റം വരാൻ സ്ത്രീസമൂഹത്തിന്റെ പരിവർത്തനം അനിവാര്യമാണ്.

*ജമാഅത്തെ ഇസ്‌ലാമിയുടെ പ്രവർത്തനങ്ങളിൽ സ്ത്രീകൾക്ക് എത്രത്തോളം പരിഗണന നൽകിയിട്ടുണ്ട്?*

ഇസ്‌ലാം സ്ത്രീക്ക് നൽകിയ സ്ഥാനവും പരിഗണനയും ജമാഅത്തെ ഇസ്‌ലാമി വനിതകൾക്ക് നൽകുന്നു. നേതൃത്വത്തിലും പ്രവർത്തനങ്ങളിലും ഇത് കാണാം. ആദർശപരമായ ബാധ്യതയുടെ നിർവഹണമാണിത്. ജമാഅത്തെ ഇസ്‌ലാമിയുടെ രൂപീകരണസന്ദർഭത്തിൽതന്നെ സ്ഥാപകനേതാവ് സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി ഇത് വ്യക്തമായി പ്രഖ്യാപിച്ചിട്ടുണ്ട്. അദ്ദേഹം പറഞ്ഞു: "പ്രിയ സഹോദരികളേ! നമ്മുടെ ഈ പ്രവർത്തനത്തിൽ സ്ത്രീകളുടെ സഹകരണം പുരുഷന്മാരുടെ സഹകരണം പോലെതന്നെ നിർബന്ധമാണ്. മനുഷ്യജീവിതത്തിൽ നിങ്ങളും തുല്യ പങ്കാളികളാണ്. ജീവിതത്തിൽ നിങ്ങളോട് ബന്ധപ്പെട്ട വശങ്ങൾ പുരുഷന്മാരുമായി ബന്ധമുള്ള വശങ്ങളേക്കാൾ ഒരു വിധത്തിലും പ്രാധാന്യം കുറഞ്ഞവയല്ല. വണ്ടിയുടെ ര

ണ്ടു ചക്രങ്ങളിൽ ഒന്നു മറ്റേതിനോടു സഹകരിക്കാത്തപക്ഷം ഒരു ചക്രം മാത്രം ശരിയാംവണ്ണം ചലിക്കുക സാധ്യമല്ലാത്തതുപോലെ, സ്ത്രീ പുരുഷന് തുല്യ സഹകരണം നൽകാത്തപക്ഷം മനുഷ്യന്റെ സാമൂഹികജീവിതം ഒരിക്കലും ശരിയായി മുന്നോട്ടു നീങ്ങുന്നതല്ല. രണ്ടു ചക്രത്തിൽ ചലിക്കുന്ന വിധത്തിലാണ് അല്ലാഹു ഈ ജീവിത വണ്ടി നിർമിച്ചിട്ടുള്ളത്. ഒരു ചക്രം നിന്നുപോവുകയോ വളഞ്ഞു ചലിക്കുകയോ ചെയ്തുവെങ്കിൽ, വണ്ടി ഒറ്റചക്രത്തിൽ അധികദൂരം മുമ്പോട്ടു നീങ്ങുന്നതല്ല. ഈ യാഥാർഥ്യത്തെ അടിസ്ഥാനപ്പെടുത്തിയാണ് സ്ത്രീകളുടെ സഹകരണത്തിനു പ്രാധാന്യം കൽപിക്കാൻ എല്ലാ സാമൂഹിക പ്രസ്ഥാനങ്ങളും നിർബന്ധിതമായിരിക്കുന്നത്. ഇസ്‌ലാമിക പ്രസ്ഥാനം പ്രത്യേകിച്ച് ഇതിന് വലുതായ പ്രാധാന്യം കൊടുത്തിട്ടുണ്ട്" (*മുസ്‌ലിം വനിതകളും ഇസ്‌ലാമിക പ്രബോധനവും*, ഐ.പി.എച്ച്).

ഈ ആശയത്തെ അന്വർഥമാക്കുന്ന പ്രവർത്തനങ്ങളാണ് വനിതകൾക്കായി ജമാഅത്തെ ഇസ്‌ലാമി തുടക്കം മുതൽ ആവിഷ്കരിച്ച് നടപ്പാക്കി വന്നിട്ടുള്ളത്.

സ്ത്രീകൾക്കിടയിലെ പ്രവർത്തനങ്ങൾക്ക് പ്രത്യേക ശ്രദ്ധയും പരിഗണനയും നൽകാനാണ് ജമാഅത്തെ ഇസ്‌ലാമി വനിതാ വിംഗും ജി.ഐ.ഒയും രൂപീകരിച്ചിട്ടുള്ളത്. വനിതാ പ്രസിദ്ധീകരണങ്ങൾ ഈ രംഗത്ത് പ്രസ്ഥാനത്തിന്റെ എടുത്തു പറയേണ്ട സംവിധാനമാണ്.

സ്ത്രീകളുടെ ആദർശവൽക്കരണം, വിദ്യാഭ്യാസ വളർച്ച; അന്ധവിശ്വാസാനാചാരങ്ങൾ, ഉപഭോഗാസക്തി തുടങ്ങിയവയിൽനിന്നുള്ള മോചനം എന്നിങ്ങനെയുള്ള വിഷയങ്ങളിൽ ഊന്നിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് വനിതാവിഭാഗം നടത്തുന്നത്. വിദ്യാർഥിനികൾക്കിടയിലെ ജി.ഐ.ഒവിന്റെ പ്രവർത്തനങ്ങൾ പുതിയ കാലഘട്ടത്തിൽ വിശേഷിച്ചും പ്രാധാന്യമർഹിക്കുന്നതാണ്.

പുതിയ പ്രവർത്തനകാലയളവിൽ സ്ത്രീശാക്തീകരണം ലക്ഷ്യംവെച്ചുള്ള പരിപാടികൾ ജമാഅത്തെ ഇസ്‌ലാമി ആവിഷ്കരിച്ചിട്ടുണ്ട്. ഇസ്‌ലാം സ്ത്രീക്ക് നൽകിയ സ്ഥാനവും അവകാശങ്ങളും അവൾക്ക് നേടിക്കൊടുക്കുക എന്നതാണ് സ്ത്രീ ശാക്തീകരണം കൊണ്ടുദ്ദേശിക്കുന്നത്. ലക്ഷത്തിലധികം സ്ത്രീകൾ പങ്കെടുക്കുന്ന വനിതാസമ്മേളനം ഈ പ്രവർത്തനകാലത്ത് നടത്താനും ജമാഅത്തെ ഇസ്‌ലാമി തീരുമാനിച്ചിട്ടുണ്ട്. കേരള ചരിത്രത്തിലെ സ്ത്രീകൾക്ക് മാത്രമായുള്ള വിപുലമായ ആദ്യത്തെ സമ്മേളനമായിരിക്കും അത് – ഇൻശാഅല്ലാഹ്.

ബുദ്ധിജീവികളും എഴുത്തുകാരും രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥരുമൊക്കെയായ അമുസ്‌ലിം സ്ത്രീകളോട് ഇസ്‌ലാമിക ഭൂമികയിൽനിന്നുകൊണ്ട് സംവദിക്കാനുള്ള അവസരം വനിതാ വിംഗിന്റെ പ്രവർത്തനങ്ങളിലൂടെ വലിയ അളവിൽ തുറന്നുകിട്ടിയിട്ടുണ്ട്. ഇസ്‌ലാമിനെയും, മുസ്‌ലിം സമൂഹവും മുസ്‌ലിം സ്ത്രീകളുമായി ബന്ധപ്പെട്ട വിഷയങ്ങളെയും മുൻനിർത്തി പ്രബോധനപരമായ ഇടപെടലുകളാണ് ഈ രംഗത്ത് നടത്താൻ കഴിഞ്ഞിട്ടുള്ളത്. പുതിയ പ്രവർത്തന കാലത്ത് ഈ മേഖലക്ക് പ്രത്യേക പരിഗണന നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

*പ്രസ്ഥാനം സ്ത്രീകൾക്ക് കൂടുതൽ പരിഗണന നൽകുന്നതിന്റെ ഭാഗമാണോ ശൂറാംഗമായും സെക്രട്ടറിയായും താങ്കൾ തെരഞ്ഞെടുക്കപ്പെട്ടത്? പൊതുസമൂഹത്തിൽ സ്വീകാര്യത നേടാനുള്ള ശ്രമത്തിന്റെ ഭാഗമാണിതെന്ന ആരോപണമുണ്ടല്ലോ?*

ഇസ്‌ലാം സ്ത്രീക്ക് നൽകിയ സ്ഥാനവും സമൂഹ പുനർ നിർമാണത്തിൽ അവൾക്കുണ്ടാകേണ്ട പങ്കാളിത്തവും എന്താണെന്ന് സമൂഹത്തെ പ്രായോഗികമായി ബോധ്യപ്പെടുത്തുക എന്നതാണ് ശൂറയിലേക്കും സെക്രട്ടറിപദത്തിലേക്കും ഒരു സ്ത്രീ തെരഞ്ഞെടുക്കപ്പെട്ടതിന്റെ ഏറ്റവും വലിയ സന്ദേശം. ജമാഅത്തെ ഇസ്‌ലാമി സ്ത്രീകൾക്ക് പുതുതായി നൽകുന്ന പരിഗണനയോ സ്ഥാനമോ അല്ല ഇത്, ഇസ്‌ലാം ആദ്യകാലം മുതലേ നൽകിയിട്ടുള്ളതാണ്. ഇസ്‌ലാമിലെ സ്ത്രീ ആരാണെന്നും അവളുടെ പദവി എന്താണെന്നും പൊതുസമൂഹത്തെ ബോധ്യപ്പെടുത്തുകയെന്ന പ്രബോധനപരമായ ഒരു മുഖം ഇതിനുണ്ട്. അത് വലിയ ഫലങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു.

പൊതുസമൂഹത്തിൽ സ്വീകാര്യത നേടാനുള്ള അഭ്യാസമായി ഇതിനെ വ്യാഖ്യാനിക്കുന്നതിൽ കഴമ്പില്ല. കഴിഞ്ഞ ആറു പതിറ്റാണ്ടിലേറെയായുള്ള പ്രവർത്തനങ്ങളിലൂടെ ജമാഅത്തെ ഇസ്‌ലാമി സമൂഹത്തിൽ നേടിയിട്ടുള്ള സ്വീകാര്യത എല്ലാവർക്കും അറിയാവുന്നതാണ്. വിമർശകർപോലും അതംഗീകരിക്കുന്നുമുണ്ട്. ഒരു വനിതാ സെക്രട്ടറിയെ നിശ്ചയിച്ചുകൊണ്ട് പുതുതായി സ്വീകാര്യത നേടേണ്ട അവസ്ഥയൊന്നും ജമാഅത്തെ ഇസ്‌ലാമിക്കില്ല. നമ്മുടെ ചില മത സംഘടനകൾ അകപ്പെട്ട പ്രതിസന്ധിയെയും അവരിലെ സ്ത്രീകളോട് കാണിക്കുന്ന അവഗണനയെയും ചൂഷണത്തെയും മറച്ചുവെക്കാനാണ് ഇത്തരം വിമർശനങ്ങൾ ഉന്നയിക്കുന്നത്.

ജമാഅത്ത് പ്രവർത്തനരംഗത്തേക്കും നേതൃത്വത്തിലേക്കും സ്ത്രീകളെ ഉയർത്തിക്കൊണ്ടുവരാൻ തുടക്കം മുതലേ ശ്രദ്ധിച്ചിട്ടുണ്ട്. ചരിത്രപരമായ പിന്നാക്കാവസ്ഥ മറികടന്ന് സ്ത്രീകൾ വളർന്നു വരുന്നേയുള്ളൂ എന്നതാണ് പ്രശ്നം.

കേരളത്തിൽ മാത്രമല്ല ശൂറയിൽ വനിതാ പ്രാതിനിധ്യമുള്ളത്. നാസ്വിറാ ഖാനം (ആന്ധ്രാ പ്രദേശ്), അത്വിയ്യ സ്വിദ്ദീഖ (മഹാരാഷ്ട്ര) എന്നിവർ ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ പ്രതിനിധിസഭ (മജ്‌ലിസെ നുമാഇന്ദഗാൻ)യിലും അതത് സംസ്ഥാന ശൂറകളിലും അംഗങ്ങളാണ്. ശഹ്നാസ് ബത്വൂൽ കർണാടക ശൂറയിലും ശഹ്നാസ് ബീഗം ബിഹാർ ശൂറയിലും അംഗങ്ങളാണ്.

*ജമാഅത്തെ ഇസ്‌ലാമി സെക്രട്ടറി എന്ന നിലയിലുള്ള ഉത്തരവാദിത്വം എന്തൊക്കെയാണ്?*

ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന സെക്രട്ടറി എന്നതിനോടൊപ്പം വനിതാ വിംഗിന്റെ സംസ്ഥാന പ്രസിഡന്റുമാണ്. വനിതാ വിഭാഗം സെക്രട്ടറി ആമിനാ ഉമ്മുഅയ്മനാണ്. ജമാഅത്തെ ഇസ്‌ലാമിയുടെ സെക്രട്ടറി എന്ന നിലക്ക് സംഘടനാ കാര്യങ്ങളാണ് എന്റെ ചുമതല. വനിതാ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കേണ്ട ഉത്തരവാദിത്വത്തിന് പുറമെയാണിത്.

*സെക്രട്ടറി പദത്തിലിരുന്ന് പുരുഷന്മാരുമായി ഇടപെടേണ്ടിവരുമ്പോൾ ഹിജാബിന്റെ പ്രശ്നങ്ങൾ ഉണ്ടാകില്ലേ?*

'ഹിജാബ്' ഒരു സംസ്കാരമാണ്, വസ്ത്രധാരണരീതിയിൽ പരിമിതമായ ഒന്നല്ല. സ്ത്രീയും പുരുഷനും ഇടപെടുന്നതിൽ ദീക്ഷിക്കേണ്ട സദാചാരവും സാംസ്കാരിക ഔന്നത്യവുമാണത്. മാന്യതയോടെ, ദീൻ നിശ്ചയിച്ച അതിർവരമ്പുകൾ കാത്തുസൂക്ഷിച്ചുകൊണ്ട് ഇടപഴകുക എന്നതാണതുകൊണ്ട് ഉദ്ദേശിക്കുന്നത്.

ഇസ്‌ലാമിക ചിട്ടകൾ പാലിച്ചുകൊണ്ട് പുരുഷന്മാരോടൊന്നിച്ച് പ്രവാചകസദസ്സുകളിലും യുദ്ധഭൂമിയിലും മറ്റും സ്ത്രീകൾ പങ്കെടുത്തതിന്റെ നിരവധി ഉദാഹരണങ്ങൾ ഹദീസുകളിലും ചരിത്രഗ്രന്ഥങ്ങളിലും കാണാം. നബിയുടെ വിജ്ഞാനസദസ്സുകളിൽ പഠിക്കാനും സംശയനിവൃത്തിക്കും സ്ത്രീകൾ വന്നിരുന്നു. സ്വഹാബിമാർ നബിപത്നി ആഇശാ ബീവി(റ)യോടുൾപ്പെടെ വിജ്ഞാനം തേടുകയും ഫത്‌വകൾ ചോദിക്കുകയും ചെയ്തിരുന്നു.

യുദ്ധഭൂമിയിൽ ശത്രുക്കളോട് പോരാടാനും പരിക്കേറ്റവരെ ശുശ്രൂഷിക്കാനും ആവശ്യഘട്ടങ്ങളിൽ സ്വഹാബി വനിതകൾ മുൻപന്തിയിലുണ്ടായിരുന്നു. അക്കാലത്തെ യുദ്ധങ്ങൾ ഇന്നത്തേതുപോലെയല്ല, മുഖാമുഖം നിന്ന് പടക്കളത്തിൽ ഏറ്റുമുട്ടുകയാണ് ചെയ്തിരുന്നത്. അവിടെയാണ് ഉമ്മു അമ്മാറയെപ്പോലുള്ള സ്ത്രീകൾ പുരുഷന്മാർക്കിടയിലും യുദ്ധം ചെയ്തത്. പരിക്കേറ്റ യുവാക്കളെവരെ പരിചരിച്ചിരുന്ന ഒട്ടേറെ സ്വഹാബി വനിതകളുണ്ടായിരുന്നു. ഇതൊക്കെ നബി(സ)യുടെ സാന്നിധ്യത്തിലാണ് നടന്നിരു

ന്നത്.

സദാചാരബോധമുണ്ടെങ്കിൽ പുരുഷന്മാരുമായി പരിധികൾ പാലിച്ചുകൊണ്ട് ഇടപെടുന്നതിൽ ഒരപകടവുമില്ല. സ്ത്രീപുരുഷന്മാർ പരസ്പരം ഇടകലർന്നാണ് ദിവസങ്ങൾ നീണ്ടുനിൽക്കുന്ന ഹജ്ജ് കർമങ്ങൾ നിർവഹിക്കുന്നത്. രണ്ട് വിഭാഗത്തിനും വേറിട്ട സ്ഥലങ്ങളല്ല, ഒരേ സ്ഥലങ്ങളിൽ ഒരുമിച്ചാണ് ഹജ്ജ് കർമങ്ങൾ അനുഷ്ഠിക്കേണ്ടത്. അപ്രകാരം തന്നെയാണ് ഇസ്‌ലാമിക പ്രവർത്തന രംഗവും. ഏതെങ്കിലുമൊരു അന്യ പുരുഷന്റെ കൂടെ ഒറ്റക്കല്ല, ദൈവഭക്തിയും സൂക്ഷ്മതയുമുള്ള കുറേ പണ്ഡിതന്മാരോടൊപ്പമാണ് ഞാൻ പ്രവർത്തിക്കുന്നത്. സ്ത്രീ-പുരുഷ ഇടപെടലിലെ ഇസ്‌ലാമിക വിധികൾ പൂർണമായും പാലിക്കപ്പെടുന്നുമുണ്ട്.

അപകടങ്ങളും സദാചാരലംഘനവും ഭയപ്പെടാനില്ലാത്ത പള്ളികളിലും മറ്റ് ഇസ്‌ലാമിക പ്രവർത്തന-പ്രബോധന വേദികളിലും സ്ത്രീകൾ പങ്കാളികളാകുന്നതിനെയാണ് യാഥാസ്ഥിതികർ വിമർശിക്കുന്നത്. എന്നാൽ രാഷ്ട്രീയ രംഗത്ത് നിരവധി മുസ്‌ലിം സ്ത്രീകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. സുന്നികളാണ് അതിൽ നല്ലൊരു പങ്കും. അവിടെ മതബോധമില്ലാത്തവരോടുപോലും ഇടപഴകേണ്ടിവരുന്നുമുണ്ട്. കൂടാതെ എല്ലാ വിഭാഗം സുന്നി സംഘടനകളുടെയും പ്രവർത്തകരും അനുയായികളും വിവിധ രാഷ്ട്രീയ പാർട്ടികളുടെ മുസ്‌ലിം-അമുസ്‌ലിം വനിതാ സ്ഥാനാർഥികളെ വോട്ട് ചെയ്ത് വിജയിപ്പിക്കുന്നുമുണ്ട്. ഇതിലേറെ അപകടങ്ങൾ നിറഞ്ഞതാണ് ഷോപ്പിംഗ് സെന്ററുകളിലും വിനോദസഞ്ചാര കേന്ദ്രങ്ങളിലും മഖ്ബറകളിലും നേർച്ച സ്ഥലങ്ങളിലുമൊക്കെയുള്ള മുസ്‌ലിം സ്ത്രീകളുടെ സ്വൈരവിഹാരം. എന്തുകൊണ്ടാണിതൊന്നും ഇവർക്ക് വിഷയമാകാത്തത്?

*സ്ത്രീകളുടെ ഹിജാബ് മുഖം മറച്ചുകൊണ്ടുള്ള വസ്ത്രധാരണമാണെന്ന് ചിലർക്ക് വാദമുണ്ടല്ലോ?*

ഹിജാബ് മുഖംമറയ്ക്കലല്ല. മുഖം മറച്ചുള്ള വസ്ത്രധാരണത്തിന് 'നിഖാബ്' എന്നാണ് പറയുക. സ്ത്രീകൾ മുഖം മറയ്ക്കണമെന്ന് ഇസ്‌ലാം കൽപിച്ചിട്ടില്ല. ഖുർആനിലോ ഹദീസിലോ അതിന് തെളിവില്ല. അത് ദീനിന്റെ അനുശാസനകളിൽപെട്ടതല്ല, ചില നാടുകളിലെ ഗോത്രാചാരത്തിന്റെ ഭാഗമാണ്. അറബ് നാടുകളിൽതന്നെ മുഖം മറയ്ക്കുന്ന സ്ത്രീകളും മറയ്ക്കാത്തവരുമുണ്ട്. ഗോത്രപാരമ്പര്യമനുസരിച്ചാണ് ഈ വ്യത്യാസമുള്ളത്. മുഖവും മുൻകൈയും ഒഴിച്ചുള്ള ഭാഗമാണ് മറയ്ക്കേണ്ടതെന്നാണ് സ്ത്രീയുടെ വസ്ത്രധാരണത്തെ സംബന്ധിച്ച ഖുർആനിക പ്രയോഗത്തിൽനിന്ന് വ്യക്തമാകുന്നത്.

മുഖം മറയ്ക്കാൻ ഇസ്‌ലാം കൽപിച്ചിരുന്നുവെങ്കിൽ അത് ഹജ്ജ് വേളയിലായിരുന്നു പ്രധാനമായും ഉണ്ടാകേണ്ടിയിരുന്നത്. അവിടെയാണ് സ്ത്രീപുരുഷന്മാർ വ്യാപകമായി കൂടിക്കലരുന്നത്. പക്ഷേ ഹജ്ജിൽ സ്ത്രീകൾ മുഖം മറയ്ക്കരുതെന്നാണ് ഇസ്‌ലാമിന്റെ കൽപന. നബി(സ)യുടെയും ഖലീഫമാരുടെയും സദസ്സുകളിൽ പങ്കെടുത്ത സ്ത്രീകളെ സംബന്ധിച്ച നിവേദനങ്ങളിൽനിന്ന് അവർ മുഖം മറച്ചിരുന്നില്ലെന്ന് മനസ്സിലാവുന്നുണ്ട്. പ്രമുഖ പണ്ഡിതൻ മുഹമ്മദ് നാസിറുദ്ദീൻ അൽബാനിയുടെ *ഹിജാബുൽ മർഅത്തിൽ മുസ്‌ലിമ ഫിൽ കിതാബി വസ്സുന്ന* എന്ന കൃതിയിൽ ഈ വിഷയം പ്രാമാണികമായിത്തന്നെ വിശകലനം ചെയ്തിട്ടുണ്ട്.

ജാബിറുബ്നു അബ്ദില്ല(റ) നിവേദനം ചെയ്ത ഒരു ഹദീസിൽ ഒരു പെരുന്നാൾ ദിവസം നമസ്കാരവും ഖുത്ബയും കഴിഞ്ഞ ശേഷം നബി സ്ത്രീകളോട് ദാനം ചെയ്യാൻ ആവശ്യപ്പെട്ട സംഭവം വിവരിച്ചിട്ടുണ്ട്. അപ്പോൾ നബിയോട് ഒരു സ്ത്രീ സംശയം ചോദിച്ചെന്നും അവളുടെ കവിളുകൾ ചുവപ്പു കലർന്ന കറുപ്പ് നിറമുള്ളതായിരുന്നുവെന്നും ജാബിർ(റ) പറയുന്നു. സ്ത്രീകൾ മുഖം മറച്ചിരുന്നുവെങ്കിൽ ജാബിറി(റ)ന് അവളുടെ കവിളുകൾ എങ്ങനെ കാണാൻ സാധിച്ചു? ഇസ്‌ലാമിന് അങ്ങനെ ഒരു കൽപന ഉണ്ടായിരുന്നെങ്കിൽ നബി(സ)യുടെ മുമ്പിലായിരുന്നില്ലേ അത് ഏറ്റവുമധികം പാലിക്കേണ്ടിയിരുന്നത്? ഇബ്നു അബ്ബാസ്(റ) നിവേദനം ചെയ്ത ഒരു ഹദീസിൽ വിടവാങ്ങൽ ഹജ്ജ് വേളയിൽ സുന്ദരിയായ ഒരു സ്ത്രീ നബി(സ)യോട് ഫത്‌വ ചോദിച്ച സംഭവം വിവരിക്കുന്നുണ്ട്. ഫദ്‌ലുബ്നു അബ്ബാസും അപ്പോൾ നബിയോടൊപ്പം ഉണ്ടായിരുന്നു. അദ്ദേഹം ആ സ്ത്രീയുടെ മുഖത്തേക്ക് നോക്കിയപ്പോൾ നബി(സ) അദ്ദേഹത്തോട് മുഖംതിരിക്കാൻ ആവശ്യപ്പെട്ടു. മുഖം മറയ്ക്കൽ നിർബന്ധമായിരുന്നുവെങ്കിൽ അപ്പോൾ നബി(സ) ആ സ്ത്രീയോട് അതു കൽപിക്കുമായിരുന്നു. ആ സ്ത്രീ മുഖം മൂടിയിരുന്നുവെങ്കിൽ ഫദ്ൽ അവരെ നോക്കാനിടയാവുകയുമില്ലായിരുന്നു.

ഒരു വ്യക്തി തിരിച്ചറിയപ്പെടുകയെന്നത് സാമൂഹിക ജീവിതത്തിൽ -ഇക്കാലത്ത് പ്രത്യേകിച്ചും- അനിവാര്യമാണ്. നിഖാബ് അതിന് തടസ്സമാകുന്നുണ്ട്. ഓഫീസുകളിലും മറ്റും അത് പ്രയാസങ്ങൾ സൃഷ്ടിക്കുന്നുമുണ്ട്. ഇസ്‌ലാം നിർബന്ധപൂർവം കൽപിച്ചിട്ടില്ലാത്തതും തെറ്റുധാരണകൾ ഉണ്ടാക്കുന്നതും പ്രയാസങ്ങൾ ക്ഷണിച്ചുവരുത്തുന്നതുമായ ആചാരങ്ങൾ മാറേണ്ടതുണ്ട്.

*മൗദൂദി സാഹിബിന് ഈ വിഷയത്തിൽ വ്യത്യസ്തമായൊരു വീക്ഷണമാണല്ലോ ഉള്ളത്?*

ഇതിന് രണ്ടു വശങ്ങളുണ്ട്: ഒന്ന്, കർമശാസ്ത്ര വിഷയങ്ങളിൽ ഖുർആനിനും സുന്നത്തിനും വിരുദ്ധമാകാത്ത, ഇസ്‌ലാം അംഗീകരിക്കുന്ന വിശാലതയും വീക്ഷണവ്യത്യാസങ്ങളും ജമാഅത്തെ ഇസ്‌ലാമി പൂർണമായും അനുവദിക്കുന്നുണ്ട്. പ്രസ്ഥാനം ഏതെങ്കിലുമൊരു മദ്ഹബിനെ പിന്തുടരുന്നില്ല. പ്രവർത്തകർക്ക് പ്രാമാണികമായ ഏത് മദ്ഹബിനെയും പിന്തുടരാം. ഇമാം ശാഫിഈ, ഇമാം അബൂഹനീഫ തുടങ്ങിയവരുടെ മദ്ഹബുകളോടുള്ള സമീപനം ഇതാണെന്നിരിക്കെ മൗദൂദി സാഹിബിന്റെ കർമശാസ്ത്ര വീക്ഷണങ്ങൾ നാം അന്ധമായി പിന്തുടരുകയില്ലല്ലോ. രണ്ടാമതായി, മൗദൂദി സാഹിബിന്റെ കർമശാസ്ത്ര വീക്ഷണങ്ങൾ അദ്ദേഹത്തിന്റേതാണ്, പ്രസ്ഥാനത്തിന്റേതല്ല. ജമാഅത്തെ ഇസ്‌ലാമി രൂപീകരണ സന്ദർഭത്തിൽതന്നെ തന്റെ ഫിഖ്ഹീ കാഴ്ചപ്പാടുകൾ പിന്തുടരാൻ പ്രസ്ഥാന പ്രവർത്തകർ ബാധ്യസ്ഥരല്ലെന്നും തനിക്കതിൽ സ്വന്തമായ വീക്ഷണങ്ങൾ ഉണ്ടാകുമെന്നും മൗദൂദി സാഹിബ് തന്നെ പറഞ്ഞിട്ടുള്ളതാണ്. ഇതൊരു ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ സ്വഭാവമാണ്. പരമ്പരാഗത മതസംഘടനകളും ഇസ്‌ലാമിക പ്രസ്ഥാനവും തമ്മിലുള്ള അന്തരം മനസ്സിലാക്കാത്തവരാണ് ഈ വിഷയത്തിൽ വിമർശനം ഉന്നയിക്കുന്നത്. പാകിസ്താൻ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ മത്സരിച്ച ഫാത്വിമാ ജിന്നയെ മൗദൂദി സാഹിബ് പിന്തുണച്ചതും ഇവിടെ ഓർക്കേണ്ടതാണ്.

പ്രസ്ഥാന നേതൃത്വത്തിലേക്ക് സ്ത്രീകൾ കടന്നുവരുന്നതിനെതിരെയുള്ള വിമർശനം കാര്യമാക്കേണ്ടതില്ല. പ്രസ്ഥാനത്തിന്റെ പല ചുവടുവെപ്പുകളെയും അത് സൃഷ്ടിച്ച പരിവർത്തനങ്ങളെയും ആദ്യം വിമർശിക്കുകയും എതിർക്കുകയും ചെയ്ത പലരും പിന്നീട് അതേ പ്രവർത്തനങ്ങളെ മുഴത്തിനു മുഴം അനുകരിക്കുന്നതാണ് നാം കണ്ടത്. സ്ത്രീ വിദ്യാഭ്യാസത്തെയും വനിതാ കോളേജുകളെയും ആദ്യം വിമർശിച്ചവർ ഇപ്പോൾ വ്യാപകമായി വനിതാ സ്ഥാപനങ്ങൾ നടത്തുന്നുണ്ട്. *ആരാമം* വനിതാമാസിക ആരംഭിച്ചപ്പോൾ വിമർശനവുമായി വന്നവർ ഇപ്പോൾ വനിതാ പ്രസിദ്ധീകരണങ്ങൾ മത്സരിച്ച് ഇറക്കുന്നുണ്ട്. ഇസ്‌ലാമിക പ്രവർത്തന-പ്രബോധനരംഗത്തെ മുസ്‌ലിം സ്ത്രീകളുടെ പങ്കാളിത്തവിഷയത്തിലും ഇന്നല്ലെങ്കിൽ നാളെ വിമർശകർ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ വഴി പിന്തുടരുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. ●